സ്ഥലങ്ങളിലായിരുന്നു. ഓരോരുത്തരുടേയും സേവ്യം ശുപാർശയും മുഖവും നോക്കി ഗ്രാൻറ്-ഇൻ-എയിഡ് ഡിസ്പെൻസറികൾ സ്ഥാപിക്കുന്ന സമ്പ്രദായമാണ് ഇതുവരെ ഇവിടെ നടന്നുവന്നിട്ടുള്ളതു്. ജനങ്ങളുടെ ആവശ്യങ്ങൾ നോക്കി പ്രവർത്തിക്കേണ്ടകാര്യത്തിൽ ഗവൺമെണ്ടു് മനസ്സുവെച്ചിട്ടില്ലെന്നതന്നെ പറയേണ്ടിയിരിക്കുന്നു. ഇപ്പോൾ ഗ്രാൻറ്-ഇൻ-എയിഡ് ഡിസ്പെൻസറികളുടെ ഭരണകാര്യത്തിൽ ചീഫ് മെഡിക്കലാഫീസർക്കുള്ള നിയന്ത്രണാധികാരം ഏതു വിധത്തിലിരിക്കുന്നുവെന്നുള്ളതു് ആരായുമ്പോൾ ഒരു വിധത്തിലുള്ള വ്യവസ്ഥയും ആ വിഷയത്തിലില്ലെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. അവരുടെ അഴിമതികൾ കണ്ടാൽ പിരിച്ചുവിടുവാനുള്ള അവസാനത്തെ അധികാരമല്ലാതെ അദ്ദേഹത്തിന്നു മറെറാരു അധികാരവുമില്ല. എല്ലാ കുറവുകൾക്കും പിരിച്ചുവിടൽ ന്യായവുമല്ലല്ലൊ. ഇപ്പോഴത്തെ വ്യവസ്ഥകൾ അനിശ്ചിതവും അനിയന്ത്രിതവുമാണു്. ഒന്നാമതായി അതിനെ പരിഹരിക്കണം. ഗ്രാൻറ്-ഇൻ-എയിഡ് ഡിസ്പെൻസറികളെ നിയന്ത്രിക്കുവാനുള്ള പ്രത്യേക വ്യവസ്ഥകൾ ഗവൺമെണ്ടിന്നുവേണ്ടി ചീഫ് മെഡിക്കലാഫീസറവർകൾ ഉണ്ടാക്കിയതിനുശേഷമല്ലാതെ ഗ്രാൻറ്-ഇൻ-എയിഡ് ഡിസ്പെൻസറികൾക്കുവേണ്ടി ഒരു പൈപോലും ഇനി ഗവൺമെണ്ടു് ചിലവു ചെയ്യുന്നതു യുക്തമല്ല എന്നാണു് എൻെറ പരിപൂർണ്ണമായ അഭിപ്രായം. ഇപ്പോൾ കൊടുത്തുവരുന്ന പണം സാധുക്കളുടെ ഗുണത്തെ ഉദ്ദേശിച്ചാണെങ്കിലും അതിൽനിന്നു് ഒരു പൈയുടെ മരുന്നെങ്കിലും സാധുക്കളുടെ കയ്യിൽ ഉപയോഗപ്പെട്ടുന്നുണ്ടോ എന്നു് ഒരു സൂക്ഷ്മപരിശോധന നടത്തിയാൽ പരമാർത്ഥം വെളിപ്പെടുന്നതായിരിക്കും. ചില ഡോക്ടർമാർ അതെല്ലാം വിറെറാരു പണമുണ്ടാക്കുന്ന സമ്പ്രദായം മാത്രമെ ഇപ്പോൾ സ്വീകരിച്ചിട്ടുള്ളൂ. ഈ സമ്പ്രദായം നിലനില്ക്കുന്നിടത്തോളം കാലം, ചീഫ് മെഡിക്കലാഫീസറുടെ പ്രത്യേക നിയന്ത്രണാധികാരത്തോടുകൂടിയുള്ള വ്യവസ്ഥയുണ്ടാകുന്നതുവരെ ഈ രാജ്യത്തു് ഇപ്പോഴുള്ള ഗ്രാൻറ്-ഇൻ-എയിഡ് ഡിസ്പെൻസറികൾക്കുവേണ്ടി ഒരു പൈപോലും ഗവർമ്മെണ്ടു് ചിലവിടരുതെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

മിസ്റ്റർ പുതൂർ അച്യുതമേനോൻ : മിസ്റ്റർ പ്രസിഡണ്ടു്, സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നതോടുകൂടി ഇതിനുമുമ്പു പ്രസംഗിച്ച എൻെറ മാന്യസ്നേഹിതൻ മിസ്റ്റർ പണിക്കരുടെ അഭിപ്രായങ്ങളോടു് ഒരു തരത്തിലും യോജിക്കുവാൻ തരമില്ലാത്തതിൽ ഖേദിക്കുന്നുണ്ടെന്നും പറഞ്ഞുകൊള്ളട്ടെ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : ഒരിക്കലും ഖേദിക്കണ്ട.

മിസ്റ്റർ പുതൂർ അച്യുതമേനോൻ : കൊച്ചീരാജ്യത്തിലെ ഗ്രാൻറ്-ഇൻ-എയിഡ് ഡിസ്പെൻസറികളെ ഗവൺമെണ്ടിൽ നിന്നും കൊടുക്കുന്ന മരുന്നുകൾ വിറെറാ പണം സമ്പാദിക്കുന്നതിനുള്ള സൌകര്യത്തിനു മാത്രമായിട്ടു് പരിഗണിച്ചു് ഡോക്ടർമാർ പെരുമാറുന്നുവെന്നു പറയുന്നതിനോടു കൊച്ചിരാജ്യത്തിലെ ഗ്രാൻറ്-ഇൻ-എയിഡ് ഡിസ്പെൻസറികളെക്കുറിച്ചു കുറച്ചൊരു ജ്ഞാനമുള്ള എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. എൻെറ മാന്യസ്നേഹിതൻ മിസ്റ്റർ കുഞ്ഞൻ നമ്പൂതിരിപ്പാടു് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തിൻെറ തത്വത്തോടു യോജിക്കാത്തവരായി ഈ സഭയിൽ ആരുംതന്നെ ഉണ്ടായിരിക്കയില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : ഞാൻ ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പുതൂർ അച്യുതമേനോൻ : അതിനോടു ഞാൻ യോജിക്കുന്നില്ലെന്നു മുമ്പുതന്നെ പറഞ്ഞുവല്ലൊ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : എല്ലാ ജാതിമതക്കാക്കും പ്രവേശിക്കുവാൻ സൌകര്യമില്ലാത്ത ഒരു സ്ഥലത്താണു് ചേറ്റിലെ ഡിസ്പെൻസറി സ്ഥാപിച്ചിരിക്കുന്നതു്.

മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാടു് : അവിടെ എല്ലാജാതിക്കാക്കും പ്രവേശനം തീർച്ചയായിട്ടും ഉണ്ടു്.

മിസ്റ്റർ പുതൂർ അച്യുതമേനോൻ : കൊച്ചിരാജ്യത്തു് റൂറൽ ഏരിയാ, അർബൺ ഏരിയാ എന്നിങ്ങനെ രണ്ടു സ്ഥാനങ്ങളുണ്ടു്. അതിനുദാഹരണമായി എറണാകുളവും, നാട്ടുപുറവും നോക്കിയാൽമതി. അർബൺ ഏരിയായിൽ ഉൾപ്പെടുന്ന പട്ടണപ്രദേശങ്ങളിൽ റൂറൽ ഏരിയായിൽ നിന്നുള്ള മുതലെടുപ്പിന്റെ ഒരു വലിയ അംശമാണു ചിലവാക്കിവരുന്നതു്. ഈ സംഗതി പലപ്പോഴും ഞങ്ങൾ ഈ സഭയെ ധരിപ്പിച്ചിട്ടുണ്ടു്. കൊച്ചിരാജ്യത്തിലെ മുതലെടുപ്പിന്റെ മുക്കാൽഭാഗവും ലഭിച്ചുവരുന്നതു് നാട്ടുപുറങ്ങളിൽ നിന്നാണു്. അതു ചിലവിടുന്നതു നോക്കിയാൽ അധികഭാഗവും പട്ടണങ്ങളിലേക്കാണെന്നും കാണാം. രണ്ടു ദിവസങ്ങൾക്കുമുമ്പു കൊച്ചിയിലെ കഷ്ടകർക്കു് അത്യാവശ്യമായ ജലവിതരണപദ്ധതിയെപ്പറ്റി ചോദ്യമുണ്ടായപ്പോൾ ആ വിഷയത്തിൽ ഗവർമ്മെണ്ടു കാര്യമായ യാതൊരു സഹായങ്ങളും ചെയ്തിട്ടില്ലെന്നു് ഈ സഭക്കു ബോദ്ധ്യമായിട്ടുണ്ടു്. അതിനേക്കാൾ കൂടുതൽ അവശ്യവും പ്രയോജനവും ഗ്രാമീണർക്കുള്ളതാണു് ഈ ഗ്രാൻഡ്-ഇൻ-എയിഡ് ഡിസ്പെൻസറികളിലേക്കു മരുന്നുകൾ കൂടുതൽഅനുവദിക്കയെന്നുള്ളതു്. ജനപ്രതിനിധികളടങ്ങിയ ഈ നിയമസഭ രൂപീകരിച്ചിട്ടു് ഇരുത്തോളം കാലം കഴിഞ്ഞിട്ടും, ഇരുത്തോളം കാലം ഈ നിയമസഭയിൽ വാദപ്രതിവാദങ്ങൾ നടത്തി മുറവിളി കൂട്ടിട്ടും നാട്ടുപ്രദേശങ്ങളിലേക്കു കാര്യമായ യാതൊരു ആവശ്യങ്ങളും സാധിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിനു കുറക്കാർ ആരാണെന്നാണു ഞാൻ ഈ സഭയോടു ചോദിക്കുന്നതു്. യാഥാസ്ഥിതത്തിൽ ഇതിനുത്തരവാദി ഗവർമ്മെണ്ടാണു് എന്നുവരുമ്പോൾ ഇതൊക്കെ നാമിവിടെ കാട്ടിക്കൂട്ടുന്നതു് ഒരു നാടകമാണൊ എന്നു് എനിക്കു തോന്നിപ്പോകുന്നു. ഡോക്ടർമാർ മരുന്നു വില്ക്കുന്നുവെന്നുള്ള അഭിപ്രായത്തോടു് എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. ഈ ഗ്രാൻഡ്-ഇൻ-എയിഡ് ഡിസ്പെൻസറികളിൽ ഇപ്പോൾ ചികിത്സക്കുവരുന്ന രോഗികളുടെ എണ്ണം നോക്കുകയാണെങ്കിൽ ഇതിനുമുമ്പുള്ള കാലങ്ങളെ അപേക്ഷിച്ചു വളരെ കൂടിട്ടുണ്ടു്. എന്നാൽ അതിനനുസരിച്ചു കൊടുക്കുന്ന മരുന്നിന്റെ തോതു കൂട്ടിട്ടില്ല. ൨൦൦ രൂപക്കുള്ള മരുന്നാണു് ൨൦ കൊല്ലത്തിനുമുമ്പു കൊടുത്തിരുന്നതെങ്കിൽ അതുയും മരുന്നാണു് ഇന്നും കൊടുത്തുവരുന്നതു്. മുമ്പു് ൨൦൦പേക്കു് ൨൦൦രൂപയുടെ മരുന്നു കൊടുത്തുവന്നിരുന്നതു് ഇന്നു് ൨൦൦൦ പേരായിട്ടും ഈ ൨൦൦ രൂപയുടെ മരുന്നാണു കൊടുത്തുകാണുന്നതു്. ൨൦൦ ആളുകൾക്കു കൊടുത്തിരുന്ന മിക്സ്ച്ചർ ഇപ്പോൾ ൨,൦൦൦ പേർക്കു കൊടുക്കേണ്ടിവരുന്നു. മരുന്നു മുമ്പുകൊടുത്തുവന്ന കണക്കിനു കൊടുത്തുവരുന്നതുകൊണ്ടു് ൨,൦൦൦ പേർക്കും ആ മരുന്നിൽ വെള്ളം ചേർത്താണു കൊടുക്കുന്നതു്. ചിലദിക്കിൽ ചേർക്കുന്നതു് ഉപ്പുവെള്ളം, ചിലദിക്കിൽ മലിനജലം. ഇതാണു് ഇന്നു ഞങ്ങളുടെനാട്ടിൽനടന്നുവരുന്ന ചികിത്സാസമ്പ്രദായം. ഇങ്ങിനെ ഞങ്ങളെ പറ്റുവെള്ളംകുടിപ്പിച്ചു സുഖക്കേടു മാറാനുള്ള ചികിത്സയാണു നടത്തുന്നതെങ്കിൽ അ

LIBRARY ARCHIVES Kerala Legislative Assembly

തുശരിയല്ല. പച്ചവെള്ളം ഞങ്ങളുടെ നാട്ടുകളിൽത്തന്നെ ധാരാളം ഉണ്ട്. അതു കൂടിച്ചാൽ രോഗം മാറുമെന്നാണു ഗവൺമെണ്ടു വിചാരിക്കുന്നതെങ്കിൽ ഗ്രാൻറ്-ഇൻ-എയിഡ് ഡിസ്പെൻസറികൾതന്നെ വേണ്ടെന്നു വെക്കുകയായിരിക്കും നല്ലതു്. അതുകൊണ്ടു് ഈ സിസ്റ്റം ഒന്നു മാറ്റി ഏറണാകുളം ആശുപത്രിയിലും തൃശ്ശിവപേരൂർ ആശുപത്രിയിലും കൊടുക്കുന്നതുപോലെയുള്ള മറ്റു നാട്ടുപുറങ്ങളിലും കിട്ടുവാനുള്ള ഒരു വ്യവസ്ഥ ബഹുമാന്യപ്പെട്ട മെഡിക്കൽ മെമ്പർ ശ്രമിച്ചുണ്ടാക്കണമെന്നും, അതിനുള്ള ശക്തി അദ്ദേഹത്തിൻറെ കൈകൾക്കില്ലെങ്കിൽ ഗവൺമെണ്ടിനോടു് അപേക്ഷിച്ചു് അതിനുള്ള ശക്തിയുണ്ടാക്കി നാട്ടുപുറങ്ങളിലെ ഡിസ്പെൻസറികളെ നന്നാക്കണമെന്നുമുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു.

*__Mr. K. R. Viswambharam__ *(Ezhuvas-Talappalli):* Sir, I support the cut motion tabled by Mr. Kunjan Nambudiripad. In doing so, I wish to bring to the notice of the House the fact that due to the international situation and the consequent increase in the prices of medicines, the supply to the extent so far given to the rural dispensaries during the former years will be inadequate to cater to the needs of the people who go there for medical aid. I am not here for a total condemnation of the existing system of the working of rural dispensaries and I believe that they are necessary institutions and their management after all is not so rotten as the hon'ble Member for Mukundapuram Ezhuvas wanted us to believe. The difficulty which is being experienced by medical men who are posted in these institutions is not due to any lack of control from the authorities but due to want of medicines they supply to the large number of people who go over there. So, the argument adduced by the Hon'ble Member for Mukundapuran Ezhuvas will not hold water in view of the fact that it is not lack of control that stands in the way of satisfactory working of these institutions. Mr. Panicker was remarking that the Medical Department has at present no control over these dispensaries. I beg to differ from him and I believe that, under the present system, there is sufficient control, and if the Chief Medical Officer is empowered to dismiss an officer, what more control can we give over these dispensaries and these medical men who are posted there. So that the difficulty pointed out cannot be taken as an argument against this proposition. I therefore wholeheartedly support this cut motion and commend this for the acceptance of this House.

__Mr. M. K. Devassy__ *(Adur):* Is it a fact that the present dispensary at Cherpu is situated at a place where all communities have no access?

__Dr. T. Verghese__ *(Chief Medical Officer):* I have no information to the contrary.

* Speech not corrected by the hon'ble member

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Menon *(Minister for Rural Development):* I think all can go there.

മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാട്: താഴ്ന്ന ജാതിക്കാർക്കു പ്രവേശനമില്ലെന്നുള്ളതായിട്ട് വല്ല ആക്ഷേപവും ഗവൺമെണ്ടിലേക്കു കിട്ടീട്ടുണ്ടോ?

ഡോക്ടർ ടി. വർഗീസ്: ഇല്ല.

മിസ്റ്റർ കെ. എസ്. പണിക്കർ: അതിനെപ്പറ്റി പത്രത്തിൽ ആക്ഷേപം ഉണ്ടായിരുന്നു. ഞാൻ അതിന്റെ കട്ടിംഗ് എടുത്തു് ഈ കൌൺസിലിൽ തന്നെ ഒരു ചോദ്യം അയച്ചിട്ടുണ്ടു്.

മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാട്: മിസ്റ്റർ പണിക്കർ അവിടെ പോയിട്ടുണ്ടോ?

മിസ്റ്റർ കെ. എസ്. പണിക്കർ: എനിക്കും അവിടെ പോകാൻ പാടില്ല.

മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാട്: ഞാൻ പല അവസരങ്ങളിലും മിസ്റ്റർ പണിക്കരെ അവിടെ വെച്ചു കണ്ടിട്ടുണ്ടു്.

Deputy President: If the Government say that the dispensary is open to all communities that is sufficient.

Mr. K. S. Panicker *(Ezhuvas-Mukundapuram):* The Chief Medical Officer has not said that.

Deputy President: The Chief Medical Officer says it is open to all.

Dr. T. Verghese *(Chief Medical Officer):* As far as I know there is no objection for all to go there. It is intended to be visited by all. I have not received any complaint.

മിസ്റ്റർ ബി. എം. പീറർ: എനിക്കു് ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതിൽ വളരെ സന്തോഷമുണ്ടു്. കുഗ്രാമങ്ങളിലെ വൈദ്യസഹായത്തിന്റെ കാര്യത്തിൽ ഗവൺമെണ്ടിന്റെ ദൃഷ്ടി വളരെ പിന്നോക്കമാണെന്നു് ഈ സഭയെ ധരിപ്പിക്കുവാൻകൂടിയാണു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുവാൻ പുറപ്പെട്ടതു്. ഗവൺമെണ്ടിൽ നിന്നും ഇപ്പോൾ മെഡിക്കൽ വകുപ്പിലേക്കു വൈദ്യസഹായത്തിനായി ആവലക്ഷത്തിൽ ചിലപ്പോൾ തുപ്പാ ചിലവാക്കുന്നുണ്ടു്. കുഗ്രാമങ്ങളിലെ ജനസംഖ്യയനുസരിച്ചു നോക്കിയാൽ അതിൽ ഏറ്റവും തുഛമായ ഒരു സംഖ്യ മാത്രമാണു വൈദ്യസഹായത്തിനായി നീക്കിവെച്ചതായി കാണുന്നതു്. റൂറൽ ഡിസ്പെൻസറികളിൽ മരുന്നുകൾക്കു് ഇന്നു ചിലവാക്കിവരുന്ന സംഖ്യ ഒരു ഡിസ്പെൻസറിക്കു് നൂറു രൂപാവീതം മാത്രമേ ഉള്ളുവെന്നാണു ഞാൻ മനസ്സിലാക്കുന്നതു്. എന്നാൽ ഇവിടെ കൊണ്ടുവരപ്പെട്ടിരിക്കുന്ന ഉപക്ഷേപപ്രകാരം 600 രൂപാവീതം അനുവദിക്കണമെന്നു മാത്രമേ ബഹുമാനപ്പെട്ടമെമ്പർ ആവശ്യപ്പെട്ടിട്ടുള്ളു. ഇതു് ഏറ്റവും പരിമിതമായ ഒരാവശ്യമേ ആകുന്നുള്ളുവെന്നതു് കുഗ്രാമവാസികളായ ഞങ്ങൾക്കു മനസ്സിലാക്കുവാൻ സധിച്ചിട്ടുണ്ടു്. ആയതുകൊണ്ടു ബഹുമാനപ്പെട്ട ഗവൺമെണ്ടു് ഇങ്ങിനെയുള്ള കാര്യങ്ങളിൽ വളരെ അലിവോടുകൂടിത്തന്നെ യാതൊരു ലുബ്ധും പിടിക്കാതെ നല്ലൊരു തുക ചിലവാക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. M. L. Joseph *(Latin Christians-Cranganur):* Mr. President, Sir, I rise to support this motion. I am not surprised by the fact that the quantity of medicine supplied remains constant even though the demand is increasing. The method and the way in which these dispensaries are established and worked are laid down in certain mechanical rules. The other day when I brought a resolution demanding a rural dispensary for a small area comprising 3 square miles and consisting of about 6,000 people, Government opposed my request on the ground that there was a dispensary within three miles of that particular area. I understood that day that in establishing dispensaries Government is primarily guided by the rule laid down that no two dispensaries or hospitals can exist within a radius of three miles, in other words, Government is always very strict to see that a dispensary is established beyond a limit of three miles from another hospital or dispensary. Similarly, it may be that this is another rule under which Government has laid down that the medicines granted to the rural dispensaries must be fixed and therefore, if Government is guided by such mechanical rules, I am not surprised if the grant is not increased or even if the number of dispensaries is not increased. So long as the Government have the idea of mechanically following these rules and so long as they will not follow the rule subject to variations according to the needs of the people, I think there is no use of any amount of our cry in this House. I know of dispensaries which have been established basing on this rule of three miles distance—dispensaries which cater to the needs of a negligibly small number of people. For example, we have a dispensary in Pudukkad, one at Kallettumkara and another at Trikkur. These dispensaries are practically of no use because these places are deserted and there are only very few people to whom they can cater to. At the same time as I have.....

Deputy President: I would like to point out to the hon'ble member that he is going out of the way.

Mr. M. L. Joseph *(Latin Christians-Cranganur):* What I wish to point out is that there is no use of our requesting the Government for increase of grant so long as they are guided by these mechanical rules only. If the Government would not follow a more sensible and reasonable rule, there is no use of our balling out like this. My object in bringing this fact to the notice of the House is primarily to ask the Government to change the mechanical rules by a more sensible rule. So much so I would request the Government in this connection to radically change the rule and take away these dispensaries where they are of no use and re-establish them in places where there are human beings. I know, as the

LIBRARY ARCHIVES Kerala Legislative Assembly

rules stand, Government will not be in a position to support the motion. When once this policy is followed, the change in the supply of medicine will also follow. With these few words, I commend this motion for the acceptance of the House.

Mr. C. V. Iyyu *(Kunnamkulam):* Before I begin my speech, I would like to know if it is a hard and fast rule to give only Rs. 400 worth of medicine. Does not the Chief Medical Officer on certain occasions give additional grant?

Dr. T. Verghese *(Chief Medical Officer):* The Government have laid down certain rules and it is the duty of the Chief Medical Officer to follow them.

Mr. M. K. Devassy *(Adur):* Have the Government received any complaint to the effect that the medicines supplied have been sold by these men as alleged by Mr. Panikker? Are they intended to be sold?

Dr. T. Verghese *(Chief Medical Officer):* May I just explain the position. These dispensaries are established in rural areas to prevent medical practitioners congregating in towns, and as an inducement to do so they are given Rs. 30 a month by way of allowances and medicines worth Rs. 30. Before they are appointed, they enter into an agreement with the Government to the effect that they will carry on the work and cater to the needs of the poor in a particular area.

Mr. M. K. Devassy *(Adur):* Is it not necessary that this medicine should be distributed to the poor?

Dr. T. Verghese *(Chief Medical Officer):* Government are not concerned at all as to what they do, so long as they look to the needs of the poor people of the locality for which they are appointed.

Mr. M. K. Devassy *(Adur):* Are we to understand that the medicines which you supply are intended to be sold, or are they intended to be given to the poor?

Dr. T. Verghese *(Chief Medical Officer):* He can keep his medicines also.

Mr. M. K. Devassy *(Adur):* Is the medicine given free?

Dr. T. Verghese *(Chief Medical Officer):* Yes.

Mr. M. K. Devassy *(Adur):* Is there any distinction between the medicine supplied by the Government and that purchased by him?

Dr. T. Verghese *(Chief Medical Officer):* We only see that the poor do not suffer. If there is any complaint that the poor are not properly looked after, necessary steps will be taken against the

LIBRARY ARCHIVES Kerala Legislative Assembly

Medical Officer concerned. He will be getting one rupee worth of medicine for each day and with this he can treat quite a number of patients.

മിസ്റ്റർ വി. കെ. കുട്ടി: Rural parts-ൽ ഉള്ള ഡിസ്പെൻസറികളിൽ മരുന്നുകൾക്കായി ഗവർമെൻറ് കൊടുത്തുവരുന്ന തുക മുഴുവനും മരുന്നുകൾ ശരിയായി കൊടുത്തുവരുന്നുണ്ടോ എന്നന്വേഷിക്കാൻ വേണ്ടി ഗവർമെൻറ് ഇൻസ്പെക്ടിംഗ് ഓഫീസർമാരേയോ മറ്റോ നിയമിച്ചിട്ടുണ്ടോ?

Dr. T. Verghese *(Chief Medical Officer):* If it is not possible to ascertain from the supply made, we look into the registers to know whether the poor are being looked after properly.

Mr. M. K. Devassy *(Adur) :* Are there cases where complaints have been received that no treatment is given?

Dr. T. Verghese *(Chief Medical Officer):* So far as I know there have been no general complaint. I might have received some, but they may or may not be real. I have, however, taken pains to see that all necessary steps are taken to ensure that the poor are well looked after. I may assure the House that the Government are doing all that they can for the amelioration of the sick poor.

മിസ്റ്റർ കെ. എസ്. പണിക്കർ : പട്ടിക്കാട്ട ഗ്രാൻറ്-ഇൻ-എയിഡ് ഡിസ്പെൻസറിക്കടുത്തുള്ള ജനങ്ങളിൽനിന്നു മരുന്നു കിട്ടുന്നില്ലെന്നും, ഡോക്ടറെ കാണുവാൻ പ്രയാസമായിരിക്കുന്നുവെന്നും മറ്റും കാണിച്ചുള്ള ഹർജികൾ ഗവൺമെണ്ടിലേക്കു കിട്ടീട്ടില്ലേ? അതിൽ ഡോക്ടർ എന്തു ചെയ്തു?

ഡോക്ടർ ടി. വർഗ്ഗീസ് : അതിനെക്കുറിച്ചു ചില ആക്ഷേപങ്ങൾ കിട്ടുകയുണ്ടായി. അന്വേഷണത്തിൽ അതു ശരിയാണെന്ന് എനിക്കു തോന്നീട്ടില്ല.

മിസ്റ്റർ സി. വി. ഐപ്പ് : ഈ സഭയിലെ അംഗങ്ങൾ ബ്രിട്ടീഷിൻഡ്യയിൽ ഇന്നു നടന്നുവരുന്ന റൂറൽ ഡിസ്പെൻസറികളെ സന്ദർശിച്ചിട്ടു വേണം നമ്മുടെ രാജ്യത്തുള്ള ഡിസ്പെൻസറികളെ കുറ്റം പറയുവാൻ എന്നാണ് എനിക്കു പറയുവാനുള്ളതു്. ഞാൻ കൊച്ചിയുടേയും ബ്രിട്ടീഷിൻറേയും അതിർത്തിയിൽ താമസിക്കുന്നവനായതുകൊണ്ട് അവിടേയും ഇവിടേയുമുള്ള ഡിസ്പെൻസറികൾ സന്ദർശിക്കുവാൻ എനിക്കു സംഗതിയായിട്ടുണ്ട്. കൊച്ചിരാജ്യത്തിനു സമീപമുള്ള ബ്രിട്ടീഷ്വില്ലേജുകളിലെ ആളുകൾ കൊച്ചിരാജ്യത്തുള്ള ഡിസ്പെൻസറികളിലേക്കു ചികിത്സക്കായി വന്നുപോകുവാൻ വല്ല മാർഗ്ഗവും ഉണ്ടോ എന്ന് അന്വേഷിക്കുന്നതായിട്ടും എനിക്കറിയാം. ബ്രിട്ടീഷിനെ അപേക്ഷിച്ച് അതിനേക്കാൾ കൂടുതൽ മരുന്നുകൾ ഇവിടെയുള്ള എല്ലാ ആശുപത്രികളിലും ഗ്രാൻറ്-ഇൻ-എയിഡ് സിസ്പെൻസറികളിലും കൊടുത്തുവരുന്നുണ്ടെന്നാണു ഞാൻ മനസ്സിലാക്കീട്ടുള്ളതു്. മിസ്റ്റർ എം. എൽ. ജോസഫ് പറഞ്ഞതുപോലെ ആവശ്യമില്ലാത്ത സ്ഥലങ്ങളിലും ഇവിടെ ഡിസ്പെൻസറി സ്ഥാപിച്ചിട്ടുണ്ട്. ഇങ്ങിനെ ആവശ്യമില്ലാത്ത സ്ഥലങ്ങളിൽവെച്ചിട്ടുള്ള ഡിസ്പെൻസറികളെ മുഴുവൻ നിർത്തൽ ചെയ്തിട്ട് ആവശ്യമുള്ള സ്ഥലങ്ങളിൽ ഡിസ്പെൻസറി ഏർപ്പെടുത്തുന്നതായാൽ വളരെ നന്നായിരിക്കുമെന്നാണ് എൻറേയും അഭിപ്രായം. ഇപ്പോഴുള്ളതിൽ കൂടുതലായി ഒരു

LIBRARY ARCHIVES Kerala Legislative Assembly

രൂപാ വീതം ഓരോ ഡിസ്പെൻസറികൾക്കും കൊടുക്കണമെന്ന ചട്ടമുണ്ടാക്കുന്ന പക്ഷം കൂടുതലായി ഡിസ്പെൻസറികൾ സ്ഥാപിക്കേണ്ട കാര്യത്തിൽ പ്രയാസം നേരിടും. ആവശ്യമില്ലാത്ത സ്ഥലത്തുനിന്നും അത്യാവശ്യമുള്ള സ്ഥലത്തേക്കു മാറ്റിയാൽ മതി. മണ്ണൂർ, എരുമപ്പെട്ടി മുതലായ സ്ഥലങ്ങളിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കുകയാണെങ്കിൽ അവിടെ ഇപ്പോൾ ൫൦൦ രൂപാ കൊടുത്തില്ലെങ്കിലും നാനൂറോ, മുന്നൂറോ, ഇരുന്നൂറിൽപതുതന്നെയോ കൊടുത്താൽ മതിയെന്നു ഞാൻ സമ്മതിക്കാം. അതുകൊണ്ട് ഇങ്ങിനെയുള്ള കാര്യങ്ങളിൽ ബഹുമാനപ്പെട്ട ചീഫ് മെഡിക്കൽ ഓഫീസർ ഔചിത്യം ഉപയോഗിച്ചു മരുന്നു കൂടുതൽ കൊടുക്കാമെന്നു സമ്മതിച്ചിരിക്കെ ബഹുമാനപ്പെട്ട ഉരകം മെമ്പർ ഈ ഉപക്ഷേപം മൂലം അദ്ദേഹത്തെ നിർബ്ബന്ധിക്കരുതെന്നു് എനിക്കപേക്ഷയുണ്ട്. രാജ്യത്തിന്റെ എല്ലാ ഭാഗത്തുമുള്ള ആളുകൾക്കും വൈദ്യസഹായം ഉണ്ടാക്കുന്നതിനു വേണ്ട സൌകര്യം കുറെക്കൂടി കൂട്ടണമെങ്കിൽ ഇപ്പോഴുള്ള ഗ്രാന്റ്-ഇൻ-എയിഡ് ഡിസ്പെൻസറികൾക്കു കൊടുത്തുവരുന്ന വേതനം കൂട്ടാതിരിക്കണം. ബ്രിട്ടീഷിൽ അവിടത്തെ ഗവർമ്മെണ്ടു ചെയ്യാവരുന്നതിനേക്കാൾ വ്യത്യസ്തമായ ഒരു സമ്പ്രദായമാണ് ഇവിടെയുള്ള ഡിസ്പെൻസറികൾക്കുള്ളതു്. ഇപ്പോൾ പത്തോ നാനൂറോ ഉറുപ്പിക ഒരു ഡിസ്പെൻസറിക്കു കൊടുക്കുന്നുണ്ടെങ്കിൽ ആ നാനൂറു ഉറുപ്പികക്കും ഉള്ള മരുന്നുകൾ മെഡിക്കൽ സ്റ്റോറിൽനിന്നും വാങ്ങണമെന്നുണ്ട്. ആ നാനൂറു ഉറുപ്പികക്കും ഉള്ള മരുന്നുകൾ അവിടെനിന്നും മാറ്റിവാങ്ങിക്കുകയാണെങ്കിൽ മെഡിക്കൽ സ്റ്റോർസിൽനിന്നും കിട്ടുന്നതിനേക്കാൾ ഇരട്ടി മരുന്നുകൾ വാങ്ങി ഡിസ്പെൻസറി ബോർഡുകൾക്കും മുനിസിപ്പാലിറ്റികൾക്കും സപ്ലൈ ചെയ്യുവാൻ സാധിക്കുന്നതാണ്. ഇങ്ങിനെയുള്ള ചില പ്രധാനസംഗതികൾ നിമിത്തം ഈ ഉപക്ഷേപത്തോടു യോജിക്കുവാൻ യാതൊരു മാർഗ്ഗവും ഞാൻ കാണുന്നില്ല. എങ്കിലും ഗവർമ്മെണ്ടിനു വൈദ്യസഹായം ആവശ്യമെന്നു തോന്നുന്ന ചില സ്ഥലങ്ങളിൽകൂടി ഡിസ്പെൻസറികൾ സ്ഥാപിച്ചുതരണമെന്നു ഞാനപേക്ഷിക്കുന്നു.

മിസ്റ്റർ വി. കെ. കുട്ടി : സർ, ഇപ്പോഴുള്ള റൂൾ ഡിസ്പെൻസറിക്കുള്ള കൂടുതൽ പണമനുവദിക്കണമെന്നുള്ള ഈ ഉപക്ഷേപത്തോടു യോജിക്കുവാൻ എനിക്കും നിവൃത്തിയില്ല. ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ മിസ്റ്റർ ഇയ്യു പറഞ്ഞതുപോലെ ഇതുപോലുള്ള ഡിസ്പെൻസറികൾ അഭിക്കുന്ന പല സ്ഥലങ്ങളും നമ്മുടെ രാജ്യത്തു വേറെയുമുണ്ട്. ഇപ്പോൾ ഒരു ഡിസ്പെൻസറിക്കു ഗവർമ്മെണ്ടു ൫,൦൦൦ രൂപാ കൊടുക്കാമെന്നു വിചാരിക്കുകയാണെങ്കിലും ഞങ്ങളൊക്കെ അതിനെ അനുകൂലിക്കാം. പക്ഷെ ഞാൻ പറയുന്നതു ഗവർമ്മെണ്ടിൽനിന്നും ദാനമായി കൊടുക്കുവാനനുവദിക്കുന്ന മരുന്നുകൾ ഡിസ്പെൻസറികളിൽ വിതരണം ചെയ്യുന്നുണ്ടോ എന്നു് അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുവാൻ ഒരു ഇൻസ്പെക്ടിംഗ് ഓഫീസറെ നിയമിക്കണം എന്നാണ്. അതില്ലാത്ത കാലത്തോളം ഇതിലേക്കു പണം ചിലവു ചെയ്യരുതെന്നാണ് എന്റെ അഭിപ്രായം. രണ്ടു ദിവസം മുമ്പു് ഡിസ്പെൻസറികളെപ്പറ്റിയുണ്ടായ ചോദ്യത്തിനു് ഡോക്ടർമാർ വില്ലേജുകളിൽ ഇരിക്കുന്നതിനു വേണ്ടി മാത്രമാണു് അവർക്കു ഗ്രാന്റു കൊടുത്തുവരുന്നതെന്നു മറുപടി പറയുകയുണ്ടായി. അങ്ങിനെ ഡോക്ടർമാർ വില്ലേജുകളിൽ ഇരിക്കുവാൻ വേണ്ടി അവർക്ക് അലവൻസു കൊടുത്തുവരുന്നതു വളരെ നല്ലതാണ്. മിസ്റ്റർ ഇയ്യു പറഞ്ഞതുപോലെ വൈദ്യസഹായം ആവശ്യമാണെന്നു തോന്നുന്ന സ്ഥലങ്ങളിലും കൂടി ഗവർമ്മെണ്ടിൽനിന്നും ഗ്രാന്റു കൊടുത്തു ഡോക്ടർമാരെ നിയമിക്കണം. അങ്ങി

LIBRARY ARCHIVES Kerala Legislative Assembly

നെ ചെയ്യാതെ ഇപ്പോഴുള്ള ഡിസ്പെൻസറികൾക്കു മാത്രം കൂടുതൽ പണം കൊടുക്കുന്നതുകൊണ്ടു് ഉദ്ദേശിക്കുന്ന ഫലം ഉണ്ടാകയില്ല. അതുകൊണ്ടു് ഉള്ള ഡിസ്പെൻസറികൾക്കു് ഇപ്പോൾ ഒരിക്കലും സംഖ്യ വർദ്ധിപ്പിക്കുവാൻ പാടുള്ളതല്ല. എല്ലാ സ്ഥലങ്ങളിലും ഇപ്പോഴുള്ളതുപോലെ ഗ്രാൻറു്-ഇൻ-എയിഡു് ഡിസ്പെൻസറികൾ സ്ഥാപിച്ചതിനു ശേഷമേ മറ്റു കാര്യങ്ങളെപ്പറ്റി ചിന്തിക്കുവാൻ പാടുള്ളുവെന്നു ഞാൻ ഗവൺമെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ വി. ജെ. മത്തായി : ഇതു നല്ല ഒരു ഉപരക്ഷാപത്രത്തിനു് ഈ തരത്തിലുള്ള എതിർപ്പുകൾ ഉണ്ടാകുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഇതിനെ എതിർത്തവരുടെയെല്ലാം അവസാനത്തെ വാദം നാട്ടിലെല്ലാം ഡിസ്പെൻസറികൾ സ്ഥാപിക്കണം എന്നാണു്. അതോടുകൂടിത്തന്നെ ഇപ്പോഴുള്ളവക്കു കൂടുതൽ സംഖ്യ കൊടുത്തില്ലെങ്കിലും വിരോധമില്ലെന്നാണു് അവർ പറയുന്നതു്. എന്റെ അഭിപ്രായത്തിൽ പ്രകാശമില്ലാത്ത പത്തു വിളക്കുകൾ വെക്കുന്നതിനേക്കാൾ നല്ലതാണു് ഒരു മറിക്കെത്തു പ്രകാശമുള്ള ഒരു നല്ല വിളക്കു വെക്കുന്നതു്. ഇപ്പോൾ മരുന്നുകൾക്കു മുമ്പിലത്തേതിലും മൂന്നിരട്ടി വിലകൂടീട്ടുണ്ടു് എന്നു ചീഫ് മെഡിക്കലാഫീസർ പറയുന്നുണ്ടു്. ഇപ്പോൾ മുപ്പതു രൂപാ മരുന്നിനായിട്ടു് ഒരു ഡിസ്പെൻസറിക്കു കൊടുത്തുവരുന്നതു് മുമ്പിലത്തേതിന്റെ മൂന്നിലൊന്നു ഫലം മാത്രമേയുള്ളു. മുമ്പു നൂറു രൂപാക്കു കിട്ടിയിരുന്ന മരുന്നിനു് ഇപ്പോൾ നൂറു രൂപാ വിലയുണ്ടു്.

ഈ കാര്യത്തിൽ ഗവൺമെണ്ടിനു വേണ്ടി ഒരു മറുപടി പറയുവാനുള്ള സമ്പ്രദായമൊന്നും എനിക്കു കിട്ടുന്നില്ല. വില്ലേജുകളിൽ ഒരു ഡോക്ടറെ ഇടുന്നുണ്ടെന്നു മാത്രമാണു് ആഗ്രഹമെങ്കിൽ അതുകൊണ്ടു യാതൊരു ഗുണവും ഇല്ല. മരുന്നില്ലാതെ ഡോക്ടർമാർ മാത്രമിരിക്കുന്നതുകൊണ്ടു് എന്തു ഗുണമാണുള്ളതു്? ഈ പോയിൻറിനു് ഒരു എതിരു പറയുവാൻ സൽബുദ്ധിയുള്ളവരാരും ഉണ്ടാകയില്ല. ഈ ഉപക്ഷേപത്തിൽ പറയുന്ന ൫൦൦ രൂപാ എന്നുള്ളതുതന്നെ വളരെ പരിമിതമായ ഒരപേക്ഷയാണു്. കഴിയുമെങ്കിൽ അതിലും കൂടുതൽ നൂറോ മോ ൧,൦൦൦ മോ കൊടുക്കുന്നതു നല്ലതാണെന്നാണു് എന്റെ അഭിപ്രായം.

മിസ്റ്റർ പണിക്കർക്കു റൂറൽ ഡിസ്പെൻസറികളോടു വലിയ വിരോധമാണു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : അതു ഞാൻ പറഞ്ഞിട്ടില്ല. ചീഫ് മെഡിക്കലാഫീസറുടെ നിയന്ത്രണാധികാരമുണ്ടായിരിക്കത്തക്കവണ്ണമുള്ള വ്യവസ്ഥകളോടുകൂടിയ ഒരു പദ്ധതി ഏർപ്പെടുത്തണമെന്നാണു ഞാൻ പറഞ്ഞതു്.

മിസ്റ്റർ വി. ജെ. മത്തായി : റൂറൽ ഡിസ്പെൻസറികൊണ്ടു നാട്ടുപുറങ്ങളിലുള്ള ജനങ്ങൾക്കു വളരെ ഉപയോഗമുണ്ടു്. ഞങ്ങളുടെ പ്രദേശമായ വടവുകോട്ടുനിന്നു് എട്ടുപത്തു മൈൽ നടന്നു വേണം വൈദ്യസഹായത്തിനായി തൃപ്പൂണിത്തുറയിലേക്കു വരുവാൻ. അതുകൊണ്ടു് അവിടെ ഒരു ഡോക്ടർ വന്നിരുന്നാൽതന്നെ വളരെ ഉപകാരമായിരിക്കും. അവിടെയുള്ളവക്കു് ഒരു ഡോക്ടറെ കിട്ടുകയാണെങ്കിൽ അതുതന്നെ വളരെ കാര്യവുമാണു്.

ഡോക്ടർ മരുന്നു വില്ക്കുന്നുവെന്നാണു് പിന്നത്തെ ആക്ഷേപം. റൂറൽ ഡിസ്പെൻസറികളിലുള്ള ഡോക്ടർമാർ യഥാർത്ഥത്തിൽ സ്വതന്ത്രരാണെന്നാണു ഗവൺമെണ്ടു വിചാരിക്കുന്നതു്. അങ്ങിനെയുള്ള സ്വാതന്ത്ര്യം അവക്കു കൊടുത്തില്ലെങ്കിൽ ഈ നൂറു രൂപാ സമ്പ്രദായത്തിനു് ഇരിക്കുവാൻ ആളെ കിട്ടുകയില്ല. സർവ്വീസുരൂൾ പ്രകാരം നടക്കുവാനും ഈ നൂറു രൂപാ സമ്പ്രദായത്തിനു് അനുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

കയില്ല. വളരെ ത്യാഗബുദ്ധിയുള്ളവർ മാത്രമേ ഇങ്ങിനെയുള്ള വില്ലേജുകളിൽ പോകുകയുള്ളൂ. അപ്പോൾ കുറച്ചു പണക്കാരായവരിൽനിന്നു് അവർ മരുന്നിനു വില വാങ്ങിച്ചാലും കുറവില്ല. അതുകൊണ്ടു് ഇതിൽ കൂടുതൽ നിയന്ത്രണശക്തിയൊന്നും ഒരു ഡോക്ടരുടെ മേൽ വേണമെന്നു തോന്നുന്നില്ല. ഇതിനെപ്പറ്റി ഇവിടെ പറഞ്ഞ എതിർവാദങ്ങൾക്കൊന്നും യാതൊരടിസ്ഥാനവും ഞാൻ കാണുന്നില്ല. ഞാൻ ഗവൺമെണ്ടിനോടപേക്ഷിക്കുന്നതു് ഇപ്പോഴുള്ള റൂറൽ ഡിസ്പെൻസറികളെ നിവൃത്തിയുള്ളിടത്തോളം നന്നാക്കണമെന്നാണു്. അവർ മരുന്നു വിറ്റാലും വിറ്റില്ലെങ്കിലും തരക്കേടില്ല. സാധുക്കൾക്കു മരുന്നു കൊടുത്താലും അതു വിറ്റു പണമാക്കിയാലും ഉള്ള ഡിസ്പെൻസറികളെ നന്നാക്കുകയാണു വേണ്ടതെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

Dr. T. Verghese *(Chief Medical Officer)*: Sir, I have certain observations with regard to these dispensaries. There are 18 dispensaries spread all over the various parts of the State. I have also explained to you the special contract which the Government enter into with medical men who are appointed to these dispensaries. I have also explained to you the reasons why this particular grant by way of allowance and medicine is given to them. It is only as an inducement to prevent them from their congregating in the towns that this allowance is given. If they do not do their duty of looking after the poor, Government can certainly refuse the grant. I have already given this assurance that due to the international situation the prices of medicine have gone up considerably and I would see that the war conditions do not affect the supply of medicines to these dispensaries. I will look into the matter in more detail. With this assurance, I hope the hon'ble member will not press the motion.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഗ്രാൻറ്-ഇൻ-എയിഡു ഡിസ്പെൻസറികളിലെ ഡോക്ടർമാരെ സസ്പെൻറുചെയ്യുവാനോ അവക്കു് ഹയിനിട്ടവാനോ ചീഫ് മെഡിക്കലാഫീസക്കു് അധികാരമുണ്ടോ?

ഡോക്ടർ ടി വർഗ്ഗീസ്: ഇല്ല.

മിസ്റ്റർ പത്തർ അച്യുതമേനോൻ: ഒഴിവാക്കുവാനുള്ള അധികാരമില്ലേ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതു മാത്രമേയുള്ളൂ. നിസ്സാര കുറ്റത്തിനും ഇടത്തരം കുറ്റത്തിനും ഏറ്റവും വലിയ കുറ്റത്തിനും ഒരു ശിക്ഷാമാത്രം, അതായതു് ഒഴിവാക്കൽ മാത്രം.

മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാടു്: എൻറെ ഈ ഉപക്ഷേപത്തിനുണ്ടായ ബഹുമാനപ്പെട്ട മെമ്പർമാരുടെ ആനുകൂല്യത്തിൽ ഞാൻ വളരെ സന്തോഷിക്കുന്നു. എന്നാൽ സാധുക്കളുടേയും തൊഴിലാളികളുടേയും പ്രതിനിധികളും എന്നഭിമാനിക്കുന്ന മിസ്റ്റർ പണിക്കർ, മിസ്റ്റർ ഇയ്യു, മിസ്റ്റർ കുട്ടി എന്നീ മാന്യന്മാർ സാധുക്കൾക്കുവേണ്ടി അവതരിപ്പിച്ചിട്ടുള്ള ഈ ഉപക്ഷേപത്തിനെതിരായി പറഞ്ഞതിൽ ഞാൻ വ്യസനിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സാധുക്കളുടെ പേരിൽ അനുഭാവപൂർവ്വം ഗവമ്മെണ്ടു ചെയ്യുന്ന ആനുകൂല്യങ്ങളിൽ യോഗ്യന്മാരെന്നു സ്വയം അഭിമാനിക്കുന്ന ചിലർ നടത്തുന്ന ചൂഷണത്തേയും അപഹരണത്തേയും എതിർക്കുന്നവർ എന്നു പറയുക.

മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാട്: മരുന്നുകൾ സാധുക്കൾക്കു ശരിയായി കിട്ടുന്നുണ്ടോ എന്നന്വേഷിക്കേണ്ടതു ഗവമ്മെണ്ടിന്റെ കടമയാണു്. അങ്ങിനെ ചൂഷണം ചെയ്യുന്നവരെ വേണ്ടവിധത്തിൽ ശിക്ഷിക്കേണ്ടതും അത്യാവശ്യമായ ഒരു സംഗതിയാണു്. ഇതു സാധുക്കൾക്കുവേണ്ടി ഉദ്ദേശിച്ചിട്ടുള്ള ഒരു തുകയാണു്. അതു് അനുവദിക്കണമെന്നു മാത്രമേ ഞാൻപറയുന്നുള്ളൂ. ഇതെടുത്തു ധനികന്മാർക്കു കൊടുക്കണമെന്നു ഞാൻ ആവശ്യപ്പെട്ടിട്ടില്ല. അങ്ങിനെ ചെയ്യണമെന്നു പറയുവാൻ ഞാൻ തയ്യാറുമില്ല. പിന്നെ പലേ ഡിസ്പെൻസറികളും ഇന്നു ശരിയായി നടക്കുന്നില്ലെന്നു പറയുകയുണ്ടായി. അതു നന്നാക്കേണ്ട ഭാരം ഗവമ്മെണ്ടിനാണുള്ളതു്. ശരിയായി നടത്താത്ത സ്ഥലങ്ങളിലെ ഡോക്ടർമാരെ നീക്കി അവിടെ യോഗ്യന്മാരെ നിയമിക്കുകയായിരിക്കും നല്ലതു്. അല്ലാതെ ആ ഡിസ്പെൻസറി എടുത്തുകളയുകയല്ല വേണ്ടതെന്നാണു് എന്റെ അഭിപ്രായം (ഹിയർ, ഹിയർ). ചേറ്റിലെ ഡിസ്പെൻസറിയുടെ കാര്യത്തെപ്പറ്റി മിസ്റ്റർ പണിക്കർ ഇവിടെ പറയുകയുണ്ടായി. അവിടത്തെ ഡിസ്പെൻസറിയിൽ എല്ലാജനങ്ങൾക്കും ഒരുപോലെ പ്രയോജനമുള്ളതായിട്ടാണു് എന്റെ അറിവു്. അവിടെയുള്ള രജിസ്റ്റർ എടുത്തു നോക്കിയാലും അധികവും അധഃകൃതക്കാരായിരിക്കും ആ ഡിസ്പെൻസറികൊണ്ടു പ്രയോജനപ്പെടുന്നതെന്നു കാണാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഒരിക്കലുമില്ല. രജിസ്റ്ററിൽ എഴുതുന്നതു ഡോക്ടരല്ലേ? വേണ്ടെന്നല്ല ഞാൻ പറഞ്ഞതു്. ഒരു നിയന്ത്രണവ്യവസ്ഥയുണ്ടാക്കിട്ടു മതിയെന്നാണു്.

മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാട്: ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതു് ഇന്നു് ഓരോ ഡിസ്പെൻസറികൾക്കും അനുവദിച്ചുവരുന്ന തുകയെ 100 രൂപയാക്കി കൂട്ടണമെന്നാണു്. ആ വിധത്തിൽതന്നെ ഗവമ്മെണ്ടു് എല്ലാഡിസ്പെൻസറികളിലും ചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

Motion by leave withdrawn

4. Inadequate provision for dietary charges

Mr. V. K. Bhaskara Menon *(Cranganur):* Sir, I move *to reduce the allotment of Rs. 2,36,500 for Hospitals—Supplies and Services by Re. 1. (To discuss the inadequate provision for dietary charges).*

My idea in tabling this motion is to bring to the notice of the Government the urgent need to make increased provision under the head dietary charges for the various inpatients of the various hospitals. In this connection I would like to bring to the notice of this House that every year they are making increased provision in hospitals for beds and other things but at the same time the dietary

LIBRARY ARCHIVES Kerala Legislative Assembly

charges remain the same. Even if there is an increase it is something not worth mentioning. The amount that was actually spent in 1114 came to 43,723 rupees. In 1115 the budget provision was 45,000 rupees and the revised estimate 45,500u rupees, and now we get a provision of Rs. 50,000 for 1116. As has already been explained this year we are going to improve our hospitals with 75,000 rupees. They are going to build new wards in hospitals and dispensaries where wards are necessary, and they are going to generally improve the facilities for medical relief forgetting the main thing that stands in the way of a speedy cure of patients, *i.e.*, the absolute lack of proper diet. It is more mal-nutrition than lack of medicine that our people are suffering from. I know the Government will be saying that they are doing all that they can with the finances at their disposal. It is for the Government to see that this defect in the organisation of the Medical Department is done away with and more generous grants are provided for. They are spending something like 14 to 15 thousand rupees for the diet of the convicts in the Jail. It is certainly good for the convicts but equal advantages must be given to the suffering. My submission to the House is that the provision of Rs. 50,000 is absolutely insufficient. I therefore commend the motion to the acceptance of the House.

മിസ്റ്റർ ബി. എം. പീറർ: ആശുപത്രികളിൽ കിടക്കുന്ന രോഗികൾക്കു ഭക്ഷണം പോരാ എന്നുള്ള ആക്ഷേപം പരക്കെ കേട്ടുതുടങ്ങീട്ടുള്ള കാര്യം വാസ്തവമാണ്. ഇപ്പോൾ ഒരു രോഗിയുടെ ഭക്ഷണത്തിനു ഗവൺമെണ്ടിൽനിന്നു ചിലവാക്കിവരുന്ന സംഖ്യ ദിവസമൊന്നിനു് ഒരണ നാലു പൈയോ, ഒരണ ആറു പൈയോ ആണ്. അതിൽ കൂടുതൽ കൊടുക്കുന്നില്ലെന്നാണ് എന്റെ വിശ്വാസം. നമ്മുടെ കണ്ണുകളെ അടുത്തുള്ള ബ്രിട്ടീഷ് കൊച്ചിയിലുള്ള ആശുപത്രിയിലേക്കു തിരിച്ചാൽ അവിടെ ഒരു രോഗിയുടെ ഭക്ഷണത്തിനു ചിലവാക്കുന്ന സംഖ്യ ആറണ ആണെന്നു മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. പലേ രോഗികളും എന്നോടു് ഇതിനെപ്പറ്റി ആവലാതി പറഞ്ഞിട്ടുണ്ടു്. ഇതു ശരിയാണെന്നു് അടുത്തുള്ള മഹാരാജാസ് ഹോസ്പിറ്റലിൽ ചെന്നു നോക്കിയാൽ എതൊരാളും മനസ്സിലാക്കുവാൻ പ്രയാസമില്ലാത്തതാണ്.

വാസ്തവത്തിൽ വളരെ ഭയപ്പെട്ടിട്ടാണ് ഈ ഹോസ്പിറ്റലിലേക്കു രോഗികൾ പോകുന്നതു്. ആ കാരണംകൊണ്ടു് കൊച്ചി സർക്കാരിലുള്ള രോഗികളിൽ അധികംപേരും ബ്രിട്ടീഷ് ആശുപത്രിയെയാണ് അഭയംപ്രാപിക്കുന്നതു്. ഈ കാര്യത്തിൽ തീർച്ചയായും നാം അവിടത്തെ ഗവൺമെണ്ടിനെ കണ്ടു പഠിക്കേണ്ടതാണ്. രോഗികൾക്കു ഭക്ഷണം ശരിയായി കൊടുക്കുകയാണെങ്കിൽ തന്നെ മിക്ക രോഗങ്ങളും മാറുമെന്നാണ് എന്റെ ബോദ്ധ്യം. മരുന്നിനു ചിലവാക്കിവരുന്ന സംഖ്യ നോക്കിയാലും വളരെ കുറുക്കുമാണ്. ഉദാഹരണമായി കണ്ടക്കടവു ഡിസ്പെൻസറിയിലേക്ക് അനുവദിച്ചിട്ടുള്ള സംഖ്യ ഒരുകൊല്ലത്തേക്കു രണ്ടായിരം ഉറുപ്പിക മാത്രമാണ്. അവിടെ ഒരുദിവസം വരുന്ന് രോഗികളുടെ സംഖ്യ നോക്കിയാൽ ഏതാണ്ടു് ആണെന്നു കണക്കുകൊണ്ടു കാണാം. ഇത്രയും രോഗികൾക്കു കൊടുത്തുവരുന്ന മരുന്നു ശരാശരി കണ

LIBRARY ARCHIVES Kerala Legislative Assembly

ക്കാക്കിയാൽ ആകെവീതം ആറു പൈക്കുള്ള മരുന്ന് മാത്രമാണ കൊടുത്തുവരുന്നത്". ഒരുനേരത്തെ മരുന്നിന് ഒരു പൈ മാത്രമേ ചിലവുവരുന്നുള്ളൂ. ആ മരുന്നു പുറത്തുള്ള ഡിസ്പെൻസറികളിൽ പോയി വാങ്ങിക്കുന്നതായാൽ അതിനിന് ആറണയോ എട്ടണയോ കൊടുക്കണം. ഗവമ്മെണ്ടു ഡിസ്പെൻസറികളിൽനിന്നും ഒരു നേരത്തേക്കു കൊടുക്കുന്ന മരുന്നിൽ ഒരു പൈയ്ക്കുള്ള മരുന്നതന്നെ ഉണ്ടോ എന്നു സംശയമാണ്". അതുകൊണ്ട് ആശുപത്രികളിൽ വരുന്ന രോഗികൾക്കു ശരിയായി മരുന്നു കൊടുക്കുന്നില്ലെങ്കിലും ഭക്ഷണമെങ്കിലും കൊടുക്കണമെന്നാണ ഞാൻ ഗവമ്മെണ്ടിനോടു വിനീതമായി അപേക്ഷിക്കുന്നത്". ഇപ്പോൾ പ്രത്യേകിച്ചും ക്ഷാമകാലമാണ്". ഈ ക്ഷാമകാലത്ത് ആശുപത്രികളിൽ വരുന്ന രോഗികളിൽ ഭൂരിപക്ഷം രോഗികൾക്കും ഉള്ള സുഖക്കേടു ഭക്ഷണക്കുറവുകൊണ്ടുള്ള രോഗമാണ്". ഭക്ഷണം ശരിയായി കൊടുക്കുന്നില്ലെങ്കിൽ അതു വളരെ കഷ്ടമാണ്". ഗവമ്മെണ്ടു് ആഡംബരച്ചിലവുകൾക്കും മറ്റുമായി വളരെ സംഖ്യ ചിലവുചെയ്തുവരുന്നുണ്ട്". ആ സ്ഥിതിക്കു സാധുക്കളുടെ കാര്യത്തിൽ മാത്രം യാതൊരു ലുബ്ധും കാണിക്കേണ്ട ആവശ്യമില്ലെന്നാണ ഞാൻ പറയുന്നത്". ബഹുമാനപ്പെട്ട ചീഫ് മെഡിക്കലാഫീസർതന്നെ നമ്മുടെ ഗവമ്മെണ്ടു് ഏറ്റവും നല്ല നിലയിലാണ വൈദ്യവിഷയത്തിൽ സംഖ്യ ചിലവാക്കിവരുന്നതെന്നു് ഈ സഭ മുമ്പാകെ ധരിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്". അതു തീർച്ചയായും നമുക്കു് അഭിമാനകരവുമാണ്". ഇങ്ങിനെയുള്ള കാര്യങ്ങളിൽ ഗവമ്മെണ്ടിന്റെ ശ്രദ്ധ കൂടുതലായി പതിയണമെന്നാണ ഞാൻ പറയുന്നത്". അടുത്തുകിടക്കുന്ന ബ്രിട്ടീഷ് ആശുപത്രിയിൽ ഒരു രോഗിയുടെ ഭക്ഷണത്തിനു് ആറണ ചിലവാക്കുന്നുണ്ടെന്നറിയുമ്പോൾ രണ്ടണയെങ്കിലും നമ്മുടെ ആശുപത്രികളിലെ രോഗികൾക്കു ഭക്ഷണത്തിനായി ചിലവാക്കിക്കൂടേ എന്നാണ ഞാൻ ചോദിക്കുന്നത്". അവിടത്തെ ആശുപത്രികളിൽ സൂപ്പും, പാലും, മൊട്ടയും, കഞ്ഞിയും, ചോറും ഒക്കെ കൊടുക്കുന്നുണ്ട്". അതുപോലെ ഏതാണ്ടു് ഇവിടേയും കൊടുക്കുക. ഈ രണ്ടു സംസ്ഥാനങ്ങളിലുള്ള രോഗികൾ ഒരേതരത്തിലുള്ളവരാണ്". ഇതെല്ലാം ഈ ഒന്നര അണയിൽ എങ്ങിനെ സാധിക്കുമെന്നാണ് ഞാൻ അത്ഭുതപ്പെടുന്നത്". അതുകൊണ്ടു ഗവമ്മെണ്ടു് ഈ കാര്യത്തിൽ മനസ്സുവെച്ചു് അനുഭാവപൂർവ്വം പ്രവൃത്തിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

Mr. T. V. Subramania Ayyar *(Nemmara):* Sir, I have great pleasure in supporting this cut motion. I have found that one of the great defects of the medical organisation in this State is this. A major portion of the amount allotted for the head goes towards establishment, in the pay of the doctors and in buildings and for their maintenance etc. What is required is treatment of patients. But the amount spent for actual treatment of patients is not commensurate with the amount allotted for the department in as much as a major portion of the amount is spent on establishment. 60 per cent of the allotted amount for the medical department goes towards establishment charges and only 40 per cent towards medicine and other things in the hospitals. This is one of the fundamental defects of the organisation itself. I cannot understand the main purpose being neglected and the accessories of the same being bloated and large

LIBRARY ARCHIVES Kerala Legislative Assembly

money being spent on them. Apart from that I have noticed that the diet supplied to the patients is not at all proper. Medical science has advanced much more than it was before and the importance of diet in its curative and recuperative value has been recognised by the medical profession long time ago. The three kinds of diets are—when a patient is under treatment, the convalescence stage and what is called the ordinary diet and special diet. The ordinary diet itself is not sufficient and with regard to the special diet, it is only in very special circumstances that it is allowed. I know recently that a reorganisation of dietary system in British India was effected with more importance attached to the diet than to the medicine and this it is well our new Chief Medical Officer also should keep in mind. It is a well known fact, as was pointed out by my learned and hon'ble friend Mr. V. K. Bhaskara Menon, that the number of patients going to the hospitals has increased enormously during the recent times and the increased allotment of barely 4,500 rupees under dietary charges in 1116 is not commensurate with the increase in the number of patients in all the hospitals together. It is too late in the day for me to remind the Hon'ble Member for Medicine that the most important part in the cure of all diseases is diet, and very often, diseases themselves are the outcome of want of proper diet. When patients go to the hospital, the most important thing required over and above medicine to be supplied there is proper nutritious diet which will improve the patient. Without disclosing any official secret I may tell the House that there are doctors who have told me that the diet in some of the hospitals is not at all what it should be, and it is high time that with the increase of allotments for medical department more attention be paid by the department itself to this side of the question, of giving proper diet to the patients coming to the hospitals. There is the broad question of how far the system itself is suitable to this country in its value so far as the treatment side is concerned. But without going into that question this defect of not giving proper diet to patients should be erradicated immediately. I would suggest in this connection that instead of increasing the allotment for medicine, a certain definite proportion of it may be redirected for the supply of proper diet to the patients, so that when they come out of the hospital they will be in a better condition. I wish the new Chief Medical Officer will direct his attention to this aspect of the question and circularise the several dispensaries and hospitals asking the officers in charge of those institutions to pay more attention to the diet in order that the condition of patients may improve ere long, so that by the time cut motions for the next budget session come in, he will be able to effect definite improvements in the situation.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. B. Salem *(Mattancheri):* What is the amount allotted under dietary charges to each patient?

Dr. T. Verghese *(Chief Medical Officer):* 2 annas per head. Sir, this morning I conceded that I was aware that the amount under dietary charges might be a little more and I have even confessed that under normal conditions, if the price of medicines had not gone up to the extent it has, I might probably have been able to set aside more money under this head. I hope my hon'ble friend Mr. V. K. Bhaskara Menon will also concede that the Government had not been unmindful of this aspect of the question. Every year from 1111 onwards, the amount under dietary charges has gone up by thousands and today it is Rs. 50,000. I have already conceded that it might be more, but Government have not been unmindful of the fact that something should be done to increase the provision under 'diet' as will be evident from the increased provision made in the budget for 1116. I may also concede that dietics play a very important part in the treatment of patients. But considered from the Government's point of view, everything possible has been done with the funds available at its disposal and I hope my hon'ble friend will not pursue the matter any further.

Mr. V. K. Bhaskara Menon *(Cranganur):* Sir, I do not think much has been said on the other side. But then we have been hearing assurance of the Hon'ble Member in charge of the Public Works being reproduced here. The only argument of the Chief Medical Officer was that where it was zero before, it has come up to 2 annas now. I do not think any useful purpose will be served by my pressing the motion to a division. It is enough for me that the Government is aware of the defect and of the grossly inadequate provision. I hope that they will find their way to do some thing better at least in future years. I request the leave of the House to withdraw the motion.

Motion by leave withdrawn

5. Necessity of starting Dispensaries at Erumapetty and Mundur

Mr. C. V. Iyyu *(Kunnamkulam):* Sir, I move *to reduce the allotment of Rs. 5,32,338 for Hospitals by Re. 1. (To bring to the notice of the Government to have one Allopathic Aided Dispensary at Erumapetty and another at Mundur.*

സർ, ഈ കട്ടമോഷൻ കൊണ്ടു ഞാൻ വിവക്ഷിക്കുന്നതു് തൃശ്ശിവപേരൂർ നിന്നു കുന്നംകുളത്തേക്കും, വടക്കാഞ്ചേരിയിൽ നിന്നു കുന്നംകുളത്തേക്കും പോകുന്ന വഴിമദ്ധ്യേയായി മുണ്ടൂർ, എരുമപ്പെട്ടി എന്നീ സ്ഥലങ്ങളിൽ ഓ

LIBRARY ARCHIVES Kerala Legislative Assembly

രോ അലോപ്പതി ഡിസ്പെൻസറികൾ വെച്ചുകിട്ടണമെന്നാണ്. ഞാൻ മിസ്റ്റർ കുഞ്ഞൻനമ്പൂതിരിപ്പാടിന്റെ ഉപക്ഷേപത്തെ അനുകൂലിക്കാതെ സംസാരിച്ച അവസരത്തിൽ ആവശ്യമുള്ള വില്ലേജുകളിൽ ഡിസ്പെൻസറികൾ സ്ഥാപിക്കേണ്ടതാണെന്നു് ഇവിടെ പ്രസ്താവിച്ചിട്ടുണ്ടു്. മുണ്ടൂർ നിന്നു തൃശ്ശിവപേരൂരിലേക്കും, എരുമപ്പെട്ടിയിൽ നിന്നു കുന്നംകുളത്തേക്കും എത്ര നാഴിക ദൂരമുണ്ടെന്നുള്ളതു് ഈ സഭയിലെ അനുദ്യോഗസ്ഥമെമ്പർമാർക്കറിയാവുന്നതാണു്. തൃക്കൂരിലുള്ള ഡിസ്പെൻസറിതന്നെ മൂന്നു നാഴികയോളം അടുത്താണു സ്ഥാപിച്ചിട്ടുള്ളതു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: എരുമപ്പെട്ടിയിൽ നിന്നു കുന്നംകുളത്തേക്കു് എത്ര ദൂരമുണ്ടു്?

മിസ്റ്റർ സി. വി. ഇയ്യു: ഏഴു നാഴികയുണ്ടു്. ഒരു കാക്ക പറക്കുകയാണെങ്കിൽ ന്യൂ നാഴികയേ ഉണ്ടാകയുള്ളൂ. അതിലധികം ദൂരമുണ്ടു് നേരെ വഴിയിൽ കൂടി നടന്നുപോയാൽ. കുഷ്ഠരോഗികളെ കുത്തിവെക്കുവാൻ എരുമപ്പെട്ടിയിൽ ഒരു clinic ഉണ്ടാക്കീട്ടുണ്ടു്. അവിടെ ദിവസംതോറും നൂറു കുഷ്ഠരോഗികൾ കുത്തിവെക്കുവാൻ പോകുന്നതുകൊണ്ടു തന്നെ ചുറ്റുപാടുമുള്ള ആളുകളുടെ ആരോഗ്യം എത്രയുണ്ടെന്നു് ഏതാണ്ടു മനസ്സിലാക്കുവാൻ പ്രയാസമില്ല. മുണ്ടൂരിലും എരുമപ്പെട്ടിയിലും ഓരോ ഡോക്ടർമാരെ വെച്ചാൽ കുഷ്ഠരോഗികളെ കുത്തിവെക്കാനും വളരെ സൌകര്യമായിരിക്കും. ഈ സംഗതി ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശമാണു് ഈ ഉപക്ഷേപത്തിൽ അടങ്ങീട്ടുള്ളതു്.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: മരുന്നൊന്നും വേണ്ടേ?

മിസ്റ്റർ സി. വി. ഇയ്യു: മരുന്നു കുറെ കുറഞ്ഞാലും വിരോധമില്ല. ഡിസ്പെൻസറി ഉണ്ടായാൽ മതി.

Mr. E. Ikkanda Warriar *(Cheruthuruthi)*: Sir, I very strongly support this motion. I do not think I need add much to what has been said before by the hon'ble mover who has emphasised the various aspects of the question. I therefore request the Government at least to provide for one dispensary this year and that for Erumapetti.

* മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: എരുമപ്പെട്ടിയിലും മുണ്ടൂരും ഓരോ ആശുപത്രി ആവശ്യമാണെന്നു ഞാനും സമ്മതിക്കുന്നു. എല്ലാ ദിക്കിലും മരുന്നും, ആശുപത്രിയും വേണം. മരുന്നില്ലാത്ത ആശുപത്രിയായാലും വിരോധമില്ല എന്നു പറയുന്ന ബഹുമാനപ്പെട്ട മെമ്പറെ അനുകൂലിക്കാതിരിക്കുവാൻ തരമില്ല. കുന്നംകുളം മെമ്പറുടെ മനസ്ഥിതിയെപ്പറ്റി ഞാൻ അനുതപിക്കുന്നു. എന്റെ അഭിപ്രായത്തിൽ എല്ലാ വില്ലേജുകളിലും ഓരോ ഡിസ്പെൻസറി വേണമെന്നാണു്. തൃക്കൂരിലുള്ള ഡിസ്പെൻസറി മൂന്നു നാഴിക അടുത്തായതുകൊണ്ടു് അതു പാടില്ല, എനിക്കു തരണം എന്നു പറയുന്നതു് ശരിയല്ല. എറണാകുളത്തു് ഒരാശുപത്രിയുണ്ടെങ്കിൽ കൊച്ചി രാജ്യത്തിലെങ്ങും ആശുപത്രി പാടില്ല എന്നു പറഞ്ഞാൽ എന്താണർത്ഥം? തൃക്കൂരിലെ ഡിസ്പെൻസറിയിൽ എട്ടു പത്തു നാഴിക ദൂരെ നിന്നും രോഗികൾ വരുന്നുണ്ടു്. അതുകൊണ്ടു് അതു് അവിടെ നിന്നു മാറ്റി ഗോതുരുത്തിയിൽ വെച്ചാൽ കൊള്ളാമെന്നു പറയുന്നതു ശരിയല്ല. ഇവിടെ പറഞ്ഞ രണ്ടു ദിക്കുകളിലും ഓരോ ആ

* Speech not corrected by the hon'ble member

LIBRARY ARCHIVES Kerala Legislative Assembly

ത്രുപത്രി അത്യാവശ്യമാണെന്നു് എനിക്കു ബോദ്ധ്യമുള്ളതുകൊണ്ടു് ഞാൻ ഇതിനെ അനുകൂലിക്കുന്നു.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: മുണ്ടൂരും എരുമപ്പെട്ടിയിലും ഓരോ ഡിസ്പെൻസറി വേണമെന്നുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഈ ഉപക്ഷേപത്തെ ഞാൻ ശക്തിയായി പിൻതാങ്ങുന്നു. മുണ്ടൂർ നിവാസികൾക്കു് ഏതെങ്കിലും വൈദ്യസഹായം ആവശ്യമായി വരുമ്പോൾ ഒന്നുകിൽ തൃശ്ശൂരിലേക്കോ അല്ലെങ്കിൽ കുന്നംകുളത്തേക്കോ പോകണം. ഈ രണ്ടിടങ്ങളിലും പോകുവാൻ വളരെ ദൂരമുള്ളതുകൊണ്ടു് രോഗികൾക്കു ബുദ്ധിമുട്ടു നേരിടുന്നുണ്ടു്. തൃക്കൂർ ഡിസ്പെൻസറിയുടെ കാര്യം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രസ്താവിച്ചതു് തൃക്കൂരിലെ ഡിസ്പെൻസറി എടുത്തുകളയണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല. ഇതുപോലുള്ള സ്ഥലങ്ങളിൽ ഡിസ്പെൻസറി കൊടുക്കുന്ന സ്ഥിതിക്കു വൈദ്യസഹായം കൂടുതൽ ആവശ്യമായിരിക്കുന്ന മേല്പറഞ്ഞ സ്ഥലങ്ങളിൽ ഗവമ്മെണ്ടിൽനിന്നും ഡിസ്പെൻസറി കൊടുക്കാതിരിക്കുന്നതു വളരെ നിഷ്ഠുരമാണെന്നാണു് എന്റെ അഭിപ്രായം. തൃക്കൂരിലെ ഡിസ്പെൻസറിയെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ ഒരു ചമല്ക്കാരത്തോടുകൂടി പറഞ്ഞതല്ലാതെ അതെടുത്തു മുണ്ടക്കോ എരുമപ്പെട്ടിക്കോ കൊടുക്കണമെന്നല്ല പറഞ്ഞതെന്നു ബഹുമാനപ്പെട്ട നെല്ലായി മെമ്പർ ധരിക്കുമെന്നു വിശ്വസിക്കുന്നു. അന്തിക്കാടു്, പെരിങ്ങോട്ടുകര എന്ന സ്ഥലത്തു് ഒരു കൂറൽ ഡിസ്പെൻസറി വെച്ചുകിട്ടണമെന്നുള്ള വാദപ്രതിവാദം ഈ സഭയിൽ വളരെ ശക്തിയായി നടക്കുകയും, ഒടുവിൽ അതു വോട്ടിനിട്ടു വലിയ ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കുകയും ചെയ്തു. ഗവമ്മെണ്ടു മാത്രമാണു് എതിർത്തതു്. അനുദ്യോഗസ്ഥാംഗങ്ങളെല്ലാം സഹായിച്ചു വോട്ടുചെയ്തു. അതിനെ തുടർന്നു ഗവമ്മെണ്ടിൽനിന്നും ഗസറ്റിൽ ഒരു കല്പന പുറപ്പെടുവിച്ചു, ഗവമ്മെണ്ടിനു് ഇതു തള്ളിക്കളയുന്ന കാര്യത്തിൽ വളരെ വ്യസനമുണ്ടെന്നു്.. ഡിസ്പെൻസറികളുടെ ആവശ്യകതയെക്കുറിച്ചു പറയുമ്പോൾ ഗവമ്മെണ്ടു വ്യസനിച്ചാൽ മാത്രം പോരാ, അതിനുവേണ്ടി പ്രവൃത്തിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ശക്തിയായി പിൻതാങ്ങുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. മുണ്ടൂർ, എരുമപ്പെട്ടി ഈ രണ്ടു സ്ഥലത്തും ഓരോ ഡിസ്പെൻസറി സ്ഥാപിക്കണം എന്നു ഞാൻ തന്നെ ഒരുപക്ഷേപം കൊണ്ടുവന്നിട്ടുണ്ടു്. ഈ രണ്ടു സ്ഥലത്തും ഓരോ നല്ല ഡിസ്പെൻസറി വളരെ അത്യാവശ്യമാണു്. മുണ്ടൂരിൽ എരുമപ്പെട്ടിയേക്കാൾ കൂടുതൽ ആവശ്യമാണു്. അവിടെ ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതായാൽ മുണ്ടൂക്കുമാത്രമല്ല, ചുറ്റുമുള്ള ഒരു പത്തു പതിനാലു പ്രദേശങ്ങൾക്കും ഉപകാരമാണു്. ഈ വാസ്തവം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടു്. ഈ ആവശ്യത്തെക്കുറിച്ചു പല തവണയും ഗവമ്മെണ്ടിനെ പറഞ്ഞുമനസ്സിലാക്കീട്ടുള്ളതുകൊണ്ടു് ഇനി ചർവ്വിതചർവ്വണത്തിനൊരുങ്ങുന്നില്ല.

ഈ സഭയിലെ മെമ്പറന്മാരിൽ മിക്കപേരും അവരുടെ താമസസ്ഥലത്തിനടുത്തൊ, സ്വന്തം വില്ലേജിലൊ, സ്വന്തം നിയോജകമണ്ഡലത്തിലൊ ഒരു ഡിസ്പെൻസറി സ്ഥാപിക്കണമെന്നുപറയുന്നതുപോലെയല്ല ഞാൻ പറയുന്നതു്. എന്തെന്നാൽ എന്റെ വീടു് ഈ ഡിസ്പെൻസറി സ്ഥാപിക്കണമെന്നുപറയുന്ന സ്ഥലത്തുനിന്നു വളരെ അകലെയാണു്. അതായതു് ഉദ്ദേശം പ ൦ നാഴിക അകലത്തിലാണു സ്ഥിതിചെയ്യുന്നതു്. അതുകൊണ്ടു് അങ്ങിനെയുള്ള ഒരു ഉദ്ദേശത്തോടുകൂടിയല്ല ഈ കാര്യം പറയുന്നതെന്നു ബഹുമാനപ്പെട്ട മെമ്പറ

LIBRARY ARCHIVES Kerala Legislative Assembly

നാരെ ഓർമ്മപ്പെടുത്തിക്കൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ ശക്തിയായി അനുകൂലിക്കുന്നു.

Mr. A. V. Moothedan *(Chalakkudi):* Do the Government propose to start any new dispensaries this year or next year?

Dr. T. Verghese *(Chief Medical Officer):* In 1116, no.

Mr. A. V. Moothedan *(Chalakkudi):* With the surplus of Rs. 5 lakhs why could you not open new dispensaries?

മിസ്റ്റർ എം. നാണുമേനവൻ. ഈ സഭയിൽ നമ്മുടെ നിയോജകമണ്ഡലങ്ങളിലേയും പ്രതിനിധികളുടെ കാര്യം വരുമ്പോൾ അതിനെല്ലാം ബഹുമാനപ്പെട്ട കുന്നുകളും മെമ്പറവർകൾ എന്തെങ്കിലും പറഞ്ഞു" അവർക്ക് ഒരു സഹായം ചെയ്യുയെന്ന പതിവുള്ളതുകൊണ്ടു" ഈ കാര്യത്തിൽ അടിയന്തിരമായി എന്തെങ്കിലും ഒരു സഹായം ചെയ്യണമെന്നപേക്ഷിച്ചു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

Dr. T. Verghese *(Chief Medical Officer):* Sir, Government position is this. The places mentioned in the cut motion are situated between Trichur and Kunnamkulam and between Kunnamkulam and Vadakkancheri. There are very good bus services running between these places. In Trichur, Kunnamkulam and Vadakkancheri, you have got very modern and up-to-date hospitals. I do not deny the fact that everybody would like to have an hospital at his door and probably Mundur and Erumapetty also need one. But in view of the fact that large sums of money are being spent by Government on Medical Institutions, I am afraid it may not be possible just at present to take up this matter. I mentioned this morning that at present at any rate any further increase in the number of institutions will be detrimental to the existing ones. I dare say that there is every possibility of prices being still going up and medicines are not even available. The supply is so uncertain. Anyhow, we will consider this question from all aspects and when more propitious time comes, Government may not have any objection to start dispensaries not only at Mundur and Erumapetty but in other places also.

Mr. C. V. Iyyu *(Kunnamkulam):* Can the Government give an assurance that if the war is over during the year 1116 and normal conditions prevail in the price of medicines, Government can open these two dispensaries?

Mr. T. V. Subramania Ayyar *(Nemmara):* That is a contingent contract. *(Laughter).*

Dr. T. Verghese *(Chief Medical Officer):* Every aspect of the question will be considered.

LIBRARY ARCHIVES Kerala Legislative Assembly

